## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7983-16/07/2014 -ലെ മറുപടിക്ക്

## കെ.എഫ്.സി യുടെ നേതൃത്വത്തിൽ സംരംഭക വികസന മിഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ. പാലോട് രവി<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് കെ.എഫ്.സിയുടെ നേതൃത്വത്തിൽ സംരംഭക വികസന മിഷൻ പ്രവർത്തിച്ച് വരുന്നുണ്ടോ; വിശദമാക്കുമോ; | ഉണ്ട്<br>50,000 യുവജനങ്ങൾക്ക് വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി, 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച്, 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലക്ഷ്യമാക്കുന്ന കേരള സംസ്ഥാന സംരംഭക വികസന മിഷൻ, 2011-12 ലെ കേരള സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിയ്ക്കുകയും 08.12.11 ലെ ജി.ഒ (എം.എസ്) 590/11/ഫിൻ നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വരികയും ചെയ്തു. യുവാക്കൾക്കിടയിൽ കാര്യപ്രാപ്തിയും, ആത്മവിശ്വാസവും, സംരംഭകത്വവും വളർത്തി, അഭ്യസ്ത വിദ്യരായ യുവാക്കളുടെ തൊഴിലില്ലായ്മയ്ക്ക് ക്രിയാത്മകമായ പരിഹാരം ഉണ്ടാക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനാണ് നോഡൽ ഏജൻസി. |
| (ബി) | യുവസംരംഭകരെ കണ്ടെത്താൻ മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | മിഷനിലേയ്ക്ക് സംരംഭകരെ കണ്ടെത്താനായി അതാത് ജില്ലകളിലെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പോളിടെക്നിക്കുകൾ, ഐ.റ്റി.ഐകൾ തുടങ്ങിയവ കേന്ദ്രീകരിച്ചു പ്രചരണം നടത്തുകയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, പഞ്ചായത്തുകൾ, വ്യവസായ അസോസിയേഷനുകൾ തുടങ്ങിയവ വഴി ബോധവത്ക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണവും യുവജനങ്ങൾക്കായി സംഘടിപ്പിക്കുന്ന പരിപാടികളിൽ മിഷനെ സംബന്ധിച്ചുള്ള വീഡിയോ/ബാനർ പ്രദർശനവും, ലഘുരേഖ വിതരണവും, ക്ലാസ്/ പ്രസന്റേഷനും നടത്താറുണ്ട്. |

| | | |
|---|---|---|
| (സി) | ഏതെല്ലാം മേഖലകളിലുള്ള സംരംഭകർക്കാണ് മിഷന്റെ ധനസഹായങ്ങൾ ലഭിക്കുന്നത്; വിശദമാക്കുമോ; | ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ അണു/സൂക്ഷ്മ സംരംഭമായി രജിസ്റ്റർ ചെയ്യപ്പെടാവുന്ന പുതിയ പദ്ധതികളേയും കാർഷികാധിഷ്ഠിത വ്യവസായ പദ്ധതികളേയും മിഷനിൽ പരിഗണിക്കുന്നതാണ്. വ്യാപാരം,ഗതാഗതം, ഫാമിംഗ്, മൽസ്യകൃഷി തുടങ്ങിയവയെ പരിഗണിക്കുന്നതല്ല. 18നും 40നും ഇടയ്ക്ക് പ്രായമുള്ള തൊഴിൽ രഹിതരായ നല്ല ആശയങ്ങളുള്ള വ്യവസായരംഗത്ത് പുതുതായി എത്തുന്ന യുവതീയുവാക്കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിധവകൾക്ക് 45 വയസ്സു വരെ അപേക്ഷിക്കാം. +2/ വൊക്കേഷണൽ കോഴ്സുകളാണ് യോഗ്യത. 2 മുതൽ 5 പേർ അടങ്ങിയ ഗ്രൂപ്പുകളായിട്ടാണ് അപേക്ഷിക്കേണ്ടത്.<br>www.kfc.org- എന്ന വെബ്സൈറ്റിൽ ഓൺലൈനായി വേണം അപേക്ഷകൾ സമർപ്പിയ്ക്കേണ്ടത്. ഫിനാൻസ് ഡിപ്പാർട്ടിന്റെിന്റെ പ്രതിനിധി , ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ലീഡ് ബാങ്ക് മാനേജർ, വ്യവസായ പ്രതിനിധി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷൻ ഡയറക്ടർ, കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ ചീഫ് മാനേജർ മുതലായവർ അടങ്ങിയ കമ്മറ്റി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വച്ച് അഭിമുഖം നടത്തുകയും ഇതിൽ തെരെഞ്ഞടുക്കപ്പെട്ടവർക്ക് രണ്ടാഴ്ച നീണ്ടു നിൽക്കുന്ന പരിശീലനം നൽകുകയും ചെയ്യുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കായിരിക്കും ലോണിന് അർഹത |
| (ഡി) | സംരംഭകർക്ക് നൽകുന്ന പലിശരഹിത സാമ്പത്തിക സഹായങ്ങളെക്കുറിച്ച് വിശദാംശങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ? | പദ്ധതി തുകയുടെ 90% തുക സഹായം ഒരു സംരംഭകന് 4 ലക്ഷം എന്ന കണക്കിൽ, 5 പേരുള്ള ഒരു ഗ്രൂപ്പിന് പരമാവധി 20 ലക്ഷം രൂപയാണ് വായ്പ അനുവദിയ്ക്കുന്നത്. ടെക്നോ ക്രാറ്റുകൾക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം. ഒരാൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ നൽകും. ഒരു വർഷത്തെ മൊറട്ടോറിയം ഉൾപ്പടെ 5 വർഷമാണ് തിരിച്ചടവ് കാലാവധി. പലിശ രഹിത വായ്പയാണ് അനുവദിയ്ക്കുന്നത്. വായ്പയുടെ പലിശ സർക്കാർ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ